പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 3116 | 23-03-2015 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.വി.രാജേഷ് | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട്; പ്രസ്തുത സെന്ററുകൾ മുഖേന കർഷകർക്ക് എന്തൊക്കെ സേവനങ്ങളും സഹായങ്ങളുമാണ് ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലാണ് 2012-13-ൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.<br>താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാണ്.<br>1. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സേവനം അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും ലഭ്യമാക്കുന്നു.<br>2. യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിന് യന്ത്രോപകരണങ്ങളും തൊഴിലാളികളെയും ലഭ്യമാക്കുന്നു.<br>3. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉൽപാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും ലഭ്യമാകും.<br>4. ഫാം ക്ലിനിക്കുകൾ വഴി മണ്ണ് പരിശോധന, രോഗകീടങ്ങളുടെ സാന്നിദ്ധ്യം എന്നിവ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുന്നു.<br>5. കാർഷിക വായ്പ, വിലനിലവാരം, വിപണനം, കാലാവസ്ഥാ വ്യതിയാനം, എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപയോഗങ്ങളും ലഭിക്കുന്നു.<br>6. കർഷകർക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ വാടകയ്ക്ക് ലഭിക്കുന്നു. യന്ത്രങ്ങൾക്ക് റിപ്പയർ ജോലികളും ചെയ്ത് കൊടുക്കും. |

| | | |
|---|---|---|
| ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്ക യാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവ്വത്തിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | കൂത്തുപറമ്പ് (പാട്യം), ഇരിക്കൂർ (ശ്രീകണ്ഠപുരം), പയ്യന്നൂർ (കാങ്കോൽ) ബ്ലോക്കുകളിലായി 3 അഗ്രോ സർവ്വീസ് സെന്ററുകൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. |
| സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) | യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപയും ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 7.0 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ